# II Semester B.A./B.Sc./B.Com. Examination, May/June 2013
## (Semester Scheme)
## (F+ R) (2010-11 & Onwards)
## MALAYALAM LANGUAGE (Paper – II)

Time : 3 Hours | Max. Marks : 100/90

***Instructions*** : *1) Q. No. **VI** only for freshers.*
*2) **100** marks for freshers of **2010-11** onwards.*
*3) **90** marks for repeaters, prior to **2011-12**.*

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക : **(4×5=20)**

1) പട്ടിയെപ്പോലെക്കിതച്ചു കിതച്ചു ഞാൻ
പാർക്കുന്നിടത്തേക്കിഴഞ്ഞു നീങ്ങീടവേ,
ചുറ്റും ത്രസിക്കും നഗരം പിടിച്ചെന്നെ
മറ്റൊരാളാക്കി ഞാൻ സമ്മതിക്കായ്കിലും.

2) കഞ്ഞിയിൽ ഉപ്പുതരി വീണലിഞ്ഞു മറഞ്ഞു പോം –
മട്ടിലെന്നുണ്ണീ ! നിൻ മുത്തശ്ശിയും നിന്ന –
നില്പിലൊരുനാൾ മറഞ്ഞു പോം.

3) നീ വെട്ടിയ വഴിയിലൊരുത്തൻ
കാൽ കുത്തിയശുദ്ധി വരുത്താൻ
ഇടയാകാതെങ്ങള് കാപ്പോം –
ഇനി നീ പോ ചങ്ങാതി.

4) ഓർമ്മ തൻ മൃത്യുവാൽ മൃത്യുവിന്നോർമ്മയാൽ
ഓർക്കാപ്പുറത്തുള്ളൊരാത്മക്ഷതങ്ങളാൽ
ഓരോ പദം വയ്പുമോരോ കുരുക്ഷേത്ര –
മോരോ നിമേഷവും ദു:ഖ വെള്ളിപ്പുറം.

5) 'നിറയെ പാമ്പിരിക്ക് ' എന്ന് ആദിവാസികൾ മുന്നറിയിപ്പ് തന്നിരുന്നു. പക്ഷേ, പാമ്പിന്റെ പിന്നാലെ കീരികൾ എത്തിയിട്ടുണ്ട്. മരക്കൊമ്പുകളിൽ പ്രാപ്പിടിയനും മൂങ്ങയുമുണ്ട്. പാമ്പു പെരുകാതെ അവർ നോക്കിക്കൊള്ളും.

6) ഏറെ സ്വാതന്ത്ര്യം അനുവദിച്ചു തന്നിരുന്നു എങ്കിലും ശങ്കയോടെ മാത്രമെ ഞാനാ സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുള്ളു. ഉഗ്രതപസ്വിയായ ഒരു ഗുരുവിന്റെ മുന്നിൽ നിൽക്കും പോലെ ആ സന്നിധിയിൽ എപ്പോഴും ഞാൻ ജാഗരൂകയായിരുന്നു.

P.T.O.

www.onlinebu.com

II. a) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഓരോന്നും ഒന്നര**പുറം വീതം). **(2×8=16)**

1) 'ഉപ്പ്' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക.

2) യാഥാസ്ഥിതികത്വത്തിന്റെ കൊള്ളരുതായ്മകളെ പരിഹസിക്കുകയാണ് 'വഴിവെട്ടുന്നവരോട്' എന്ന കവിതയിൽ കവി ചെയ്യുന്നത്' – വിശദമാക്കുക.

3) 'ജോസ് ജോസഫിന്റെ മരണ'ത്തിലൂടെ കവി വ്യക്തമാക്കുന്ന ജീവിത ചിന്തകളെന്തെല്ലാം ?

b) **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഓരോന്നും ഒന്നര** പുറം വീതം). **(2×8=16)**

1) 'അട്ടപ്പാടി ഡയറി'യിൽ ലേഖിക, ആദിവാസികളുടെ ദൈന്യത്തെക്കുറിച്ച് ചിത്രീകരിക്കുന്നതെങ്ങനെയെല്ലാം ?

2) യഥാർത്ഥമായ വികസനം എന്നാൽ എന്ത് ? സുഗതകുമാരിയുടെ നിരീക്ഷണങ്ങളെന്തെല്ലാം ?

3) പ്രകൃതി സംരക്ഷണ പ്രസ്ഥാനത്തിന് എൻ. വി. കൃഷ്ണവാര്യരുടെ സംഭാവനകളെന്തെല്ലാം ?

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന് – മൂന്നര** പുറത്തിൽ). **(1×15=15)**

1) 'പണ്ടത്തെ മേശാന്തി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക.

2) ദു:ഖങ്ങളും മരണവും ജീവിതത്തിന്റെ അനിവാര്യതകളാണെന്ന് 'ജോസ് ജോസഫിന്റെ മരണ'ത്തിൽ കവി വിവരിക്കുന്നതെങ്ങനെയെല്ലാം ?

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന് – മൂന്നര** പുറത്തിൽ). **(1×15=15)**

1) അട്ടപ്പാടിയിൽ നിർമ്മിച്ചെടുത്ത കൃഷ്ണവനത്തിന്റെ സവിശേഷതകളെന്തെല്ലാം ?

2) പക്ഷികളിൽ നിന്ന് പ്രകൃതിയിലേയ്ക്കുള്ള പ്രൊ. നീലകണ്ഠന്റെ മാറ്റത്തെ സുഗതകുമാരി വ്യാഖ്യാനിക്കുന്നതെങ്ങനെയെല്ലാം ?

V. **മലയാള**ത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുക. **8**

There has been a perennial clash between science and religion. The basic difference between science and religion is that of outlook. Science augments knowledge. Religion stands firm on belief. The one is dynamic, the other static.The one is progressive, the other is conventional. But to odors one and discard the other is not justified. There is a permanent relationship between truth, knowledge and belief. The truth of one age and generation becomes a conventional of the next. Thus, the process of the basic method, whether scientific or religious, is the same. Science has given material wealth to man. In the Bible, gold is discarded and it is controlled by 'Satan'. Really, there is no confrontation between science and religion. Both are in search of the final truth-call it energy; call it God.

VI. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്ന് – മൂന്നര** പുറത്തിൽ). **10**

ജാതിക്കോയ്മയും ജന്മിത്വവും നല്കുന്ന കുളിർപ്പിൽ അലസജീവിതം നയിച്ചു പോന്ന ഒരു സമൂഹത്തിന്റെ പതനത്തിന്റെ കഥയായി 'പണ്ടത്തെ മേശാന്തി'യെ വിലയിരുത്തുക.

www.onlinebu.com

# II Semester B.C.A./B.Sc. (FAD) Examination, May/June 2013
## (Semester Scheme)
## (F+ R)(2010-11 & Onwards)
## MALAYALAM LANGUAGE (Paper – II)

Time : 3 Hours Max. Marks : 100/90

***Instructions*** : *1) Q. No. **VII** for freshers.*
*2) **100** marks for freshers.*
*3) **90** marks for repeaters.*

I. ഏതെങ്കിലും **മൂന്നെണ്ണം** വ്യാഖ്യാനിക്കുക : **(3×5=15)**

1) ചുറ്റു ത്രസിക്കും നഗരം പിടിച്ചെന്നെ
മറ്റൊരാളാക്കി ഞാൻ സമ്മതിയ്ക്കായ്കിലും

2) ആരും വിളിക്കാതെ കാരണം കാണാതെ
നാലഞ്ചു നാളിലേയ്ക്കെന്തിനായ് വന്നു നീ

3) പൊൻപട്ടം കെട്ടിയൊരാന
ക്കൊമ്പനുമമ്പാരിയുമായി
ഊരെഴുന്നള്ളിപ്പോം നിന്നെ

4) പുതുവഴി നീ വെട്ടുന്നാകിൽ
പലതുണ്ടേ ദുരിതങ്ങൾ.

5) 'എന്നോ മരിച്ചു പോയൊരു കാട് പതുക്കെ ഉയിർത്തെഴുന്നേല്ക്കുകയായി.'

6) നാടുവാഴുന്നവരേ നിത്യഹരിതയായിരുന്ന ഈ അട്ടപ്പാടിയെ ഇങ്ങനെയാക്കിയതാര് ?

II. **രണ്ടെണ്ണം** ലഘുവായി വിവരിക്കുക. **(2×8=16)**

1) തുപ്പൻ നമ്പൂതിരിയുടെ ജീവിതത്തിന്റെ പതനം വിവരിക്കുക.

2) മുത്തശ്ശി സ്നേഹ-വാത്സല്യത്തിന്റെ പ്രതീകമാകുന്നതെങ്ങനെ ? 'ഉപ്പ്' എന്ന കവിതയെ അടിസ്ഥാനമാക്കി എഴുതുക.

3) 'ജോസ് ജോസഫിന്റെ മരണം' കവിയിലുളവാക്കിയ ചിന്തകൾ എന്തെല്ലാം ?

III. **മൂന്ന്** പേജിൽ കവിയാതെ ഉത്തരമെഴുതുക. **15**

'ഉപ്പ്' എന്ന കവിതയ്ക്ക് ഒരു ആസ്വാദനമെഴുതുക.

**അഥവാ**

'ജോസ് ജോസഫിന്റെ മരണം' എന്ന കവിതയ്ക്ക് ഒരു ആസ്വാദനമെഴുതുക.

www.onlinebu.com

IV. **രണ്ടെണ്ണം** ലഘുവായി വിവരിക്കുക. **(2×8=16)**

1) പ്രൊ. ഇന്ദുചൂഡൻ എന്ന പക്ഷിസ്നേഹിയുടെ വ്യക്തിത്വം പരിചയപ്പെടുത്തുക.

2) സ്ഥായിയായ വികസനത്തെക്കുറിച്ച് സുഗതകുമാരിയുടെ അഭിപ്രായം.

3) പ്രകൃതിയും, എൻ. വി.യും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ? വിവരിക്കുക.

V. **മൂന്നുപേജിൽ** കവിയാതെ ഉത്തരമെഴുതുക. **15**

അട്ടപ്പാടിയിലെ ജനങ്ങളുടെ ജീവിതരീതി ലേഖിക ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

**അഥവാ**

ഇരുപത്തൊന്നാം നൂറ്റാണ്ട് നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം ?

VI. a) പരാവർത്തനം ചെയ്യുക. **5**

നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീർത്തുള്ളിയിൽപ്പോലും
ഒരു കുഞ്ഞു സൂര്യനുണ്ടതു കണ്ടുദിച്ചിതെൻ
കരളിലൊരു വിസ്മയ വിഭാതം !
നിന്റെ തരുനിരകളുടെ തണലുകളിൽ മേഞ്ഞു പോ –
യെന്നുമെൻ കാമമാം ധേനു.
നിന്റെ കടലിൻമീതെ ഏതോ പ്രവാചകർ
വന്നപോൽ കാറ്റുകൾ നടന്നു.

b) **മലയാള**ത്തിലേക്ക് പരിഭാഷപ്പെടുത്തുക. **8**

Drama is primarily a recreation of experience. It is something which is lived, felt, experienced. It is not merely something which is read out of a book, nor even something which is seen performed on the stage. If drama is 'doing and education' is 'learning by doing' then it follows that drama itself is an education. By recreating from within and experiencing for himself certain moods, emotions, characters, situations and events, the child comes into possession of a raw material experience with the help of which he learns, grows and develops.

VII. a) നിങ്ങൾ പോയ ഒരു വിനോദയാത്രയെക്കുറിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക. **6**

b) വാക്യഘടന ശരിപ്പെടുത്തുക (**രണ്ടു** വാക്യം). **(2×2=4)**

1) രാമൻ ഇന്നലെ ക്ലാസ്സിൽ വരാതിരിക്കാൻ കാരണം മഴകൊണ്ടാണ്.

2) ദയവായി ഉപദ്രവിക്കരുത് എന്നെ ഇക്കാര്യത്തിന് ഇനി.

3) പഠിക്കാത്തതിനു ശിക്ഷിച്ചു അധ്യാപകൻ കുട്ടികളെ.

———————

www.onlinebu.com